# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5886 28/10/2011 ൽ മറുപടിയ്ക്ക്

### അന്തർജില്ലാ സ്ഥലം മാറ്റം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എത്ര ശതമാനമാണ് നിലവിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് നീക്കി വച്ചിരിക്കുന്നത്; | (എ) ഒരു വകുപ്പിലെ ഒരു തസ്തികയിൽ ഒരു വർഷത്തിലുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം ആണ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിരിക്കുന്നത്. |
| (ബി) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ അനുവദനീയമായ ശതമാനത്തിനപ്പുറം ജീവനക്കാർ മറ്റ് ജില്ലകളിലെ വിവിധ വകുപ്പുകളിൽനിന്നും സ്ഥലം മാറ്റം വഴി എത്തിച്ചേരുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) + (സി)<br>വിവരം ശേഖരിച്ചുവരുന്നു. |
| (സി) അന്തർജില്ലാ സ്ഥലംമാറ്റത്തിൽ മാനദണ്ഡം പാലിക്കാത്ത വകുപ്പുകൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നത്; | |
| (ഡി) പ്രൊമോഷൻ വഴി ഉണ്ടാകുന്ന എൻട്രി കേഡർ ഒഴിവുകൾ റാങ്ക് ലിസ്റ്റുകളിൽ നിന്നല്ലാതെ സ്ഥലംമാറ്റത്തിലൂടെ നികത്തുന്നത് തടയാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദു ചെയ്യുവാനോ അവയുടെ എണ്ണം കുറയ്ക്കുവാനോ മറ്റു രീതിയിൽ നികത്തുവാനോ പാടില്ലായെന്ന് സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ പ്രതീക്ഷിത ഒഴിവുകളും, സൂപ്പർന്യൂമററി ഒഴിവുകളും പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അന്തർജില്ലാ സ്ഥലം മാറ്റം മുതലായ നിയമനങ്ങൾക്ക് നിശ്ചിത ശതമാനം ഒഴിവ് നീക്കിവെച്ചശേഷമാണ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് എന്നും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ